# സമീപസ്ഥനായ ദൈവം

## സങ്കീർത്തനങ്ങൾ 63:1

**"ദൈവമേ നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്തു എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു."**

ഒരുപക്ഷെ ദിനം പ്രതി നാം ഉരുവിടുന്ന ഒരു സങ്കീർത്തനമായിരിക്കും ഇത്. ദാവീദിവിടെ ദൈവത്തെ സ്തുതിച്ച് വാഴ്ത്തിപ്പാടുമ്പോൾ ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്, 'എന്റെ ദൈവം' എന്നുള്ള പദം ഉപയോഗിക്കുക വഴി തന്റെ വ്യക്തിജീവിതത്തിൽ അവനു ദൈവത്തോടുള്ള ആഴമായ അടുപ്പത്തെ നമുക്ക് കാണിച്ചു തരികയാണിവിടെ. അതുവഴി ഈ ദൈവം വിദൂരനായ ദൈവമല്ല മറിച്ച് തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് എന്നും സമീപസ്ഥനായ ദൈവമാണെന്നു കൂടി കാണിക്കുന്നു. ദാവീദ് ദൈവത്തോട് ഒരു സുഹൃത്തിനോട് അല്ലെങ്കിൽ തന്റെ ജീവിതത്തിൽ തനിക്ക് ഏറ്റവും പ്രിതിയപ്പെട്ട വ്യക്തിയായി കണ്ടുകൊണ്ട് തന്റെ ജീവിതത്തെ മുഴുവൻ തുറന്നു കാണിക്കുന്നതായി നമുക്ക് കാണാം, അത് ഈ ദൈവം തന്നെ താൻ ആയിരിക്കുന്നതു പോലെ അറിയുന്ന ദൈവമാണെന്നുള്ള പൂർണ്ണ ബോധ്യത്തോടുകൂടിയാണ്.

ഈ സങ്കീർത്തനത്തിലുടനീളം കണ്ണോടിച്ചാൽ, 'ജീവനുള്ള കാലത്തോളം ഈ ദൈവത്തെ സ്തുതിക്കും' എന്നും, ഈ ജീവിതത്തേക്കാളും ലോകത്തിന്റെ സകല അനുഭവങ്ങളേക്കാളും ദൈവത്തിന്റെ സ്നേഹം എത്ര വലുതാണെന്നും, ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം കൈവിടാതെ കാക്കുമെന്നും അവരുടെ ശത്രുക്കളെ കുറുനരികൾക്ക് ആഹാരമായി കൊടുക്കുമെന്നും ദാവീദ് വളരെ ആത്മവിശ്വാസത്തോടെ പറയുന്നതായി കാണാം. തന്നെ പരിപാലിക്കുന്നതിലുപരി ചതിയന്മാരും വഞ്ചകരുമായ ശത്രുഗണത്തെ ദൈവം തക്ക രീതിയിൽ കൈകാര്യം ചെയ്യുമെന്ന ദൈവത്തിലുള്ള ദവീദിന്റെ ആത്മവിശ്വാസം സങ്കീർത്തനങ്ങളിലുടനീളം നമുക്ക് കാണുവാൻ സാധിക്കും. **സങ്കീർത്തനങ്ങൾ 25:3 ൽ** ഇപ്രകാരം പറയുന്നു 'നിന്നെ കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല; വെറുതെ ദ്രോഹിക്കുന്നവർ ലജ്ജിച്ചുപോകും.'

പ്രിയരെ, ഈ വാക്യം വായിച്ചു ചിന്തിക്കുമ്പോൾ നാം നമ്മോടു തന്നെ ഒന്നു ചോദിക്കണം, ഈ ദൈവവുമായി നാം എത്രമാത്രം അടുത്തു ബന്ധം പുലർത്തുന്നവരാണ്? അവനിൽ നമുക്ക് എത്രമാത്രം വിശ്വാസമുണ്ട്? കാരണം അവൻ അന്നും ഇന്നും എന്നും മാറ്റമില്ലാത്ത ദൈവമാണ്. അന്ന് ദാവീദിന് അവൻ എപ്രകാരമായിരുന്നോ അതുപോലെ തന്നെയാണ് അവൻ ഇന്നു നമ്മുടെ ജീവിതത്തിൽ ഇടപെടുന്നത്. **മാലാഖി 3:6 ൽ** പറയുന്നു,

'യഹോവയായ ഞാൻ മാറാത്തവൻ'. ആയതിനാൽ ഇന്നു നമ്മെ തന്നെ ഒന്നു ശോധന ചെയ്യാം ഞാൻ ഈ ദൈവത്തിൽ എത്രമാത്രം രസിക്കുന്നുണ്ട്, അവൻ എനിക്ക് ഇത്ര സമീപസ്ഥനായിരുന്നിട്ടും ഞാൻ അവനെ വിട്ടുമാറി നടന്നില്ലേ? അവൻ മാറ്റമില്ലാത്തവനായി എന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വർത്തിച്ചിട്ടും ഞാൻ എന്നെ തന്നെ മാറ്റി അവനു മുഖം തിരിഞ്ഞു നിന്നില്ലേ? എല്ലാറ്റിന്നും മാപ്പപേക്ഷിക്കാം. ഈ ദൈവത്തോടു നിരപ്പു പ്രാപിക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

യോവേൽ 2:13

വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ചു അനുതപിക്കും.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 127**